# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T 6428 — 03.04.2018 ലെ മറുപടി

### തിരൂരങ്ങാടി മണ്ഡലത്തിൽ തോട് നവീകരണം

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്: | മറുപടി<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ തോടുകൾ കിളച്ച് ആഴം കൂട്ടി നവീകരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഈ ജോലി സംസ്ഥാനത്തെ എതെല്ലാം ജില്ലകളിൽ എത്ര തോടുകളിൽ നടപ്പാക്കിയെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് തോടുകൾ കിളച്ച് ആഴംകൂട്ടി നവീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതി യൊന്നും നിലവിലില്ല. എന്നാൽ ഹരിത കേരളം പദ്ധതിയിലുൾപ്പെടുന്ന ജലസംരക്ഷണ പ്രവർത്തികളുടെ ഭാഗമായി സംസ്ഥാനത്ത് തോടുകളിൽ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിൽ കെട്ടിക്കിടക്കുന്ന ചെളിയും പായലും മാലിന്യങ്ങളും നീക്കം ചെയ്ത് തോടുകളുടെ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിലായി ഏഴ് പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി വരുന്ന ചെലവ് തോടുകളിൽ നിന്നും വാരുന്ന മണ്ണ് ലേലം ചെയ്യുന്നതിൽ നിന്നും ലഭിക്കുമെന്നതിനാൽ ഈ പ്രവൃത്തി നടപ്പിൽ വരുത്താൻ ഗവൺമെന്റ് കഴിവതും വേഗം നടപടി എടുക്കുമോ; | (ബി) തോടുകളിൽ നിന്നും ലഭിക്കുന്ന മണ്ണ് പൊതുവെ ബണ്ട് ബലപ്പെടുത്തുവാൻ ഉപയോഗിക്കുന്നു. അധിക മണ്ണ് ഉണ്ടെങ്കിൽ ഗുണനിലവാരം പരിശോധിച്ച് വില നിശ്ചയിച്ചതിനു ശേഷം സർക്കാരിനു നഷ്ടം വരാതെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണ് ലേലം ചെയ്ത് അതിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ജലസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കാറില്ല. |
| (സി) ഈ പ്രവൃത്തികളിൽ ഉൾപ്പെടുത്തി തിരൂരങ്ങാടി മണ്ഡലത്തിൽ എത്ര തോട് നവീകരിച്ചിട്ടുണ്ട്; ഇനിയും എത്ര തോട് ഇവിടെ നവീകരിക്കുന്നതിനുള്ള പദ്ധതിയുണ്ട് ; വിശദമാക്കാമോ ? | (സി) കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർതോട് നവീകരണത്തിനായുള്ള പദ്ധതിയ്ക്ക് തത്വത്തിൽ അനുമതി നല്കിയിട്ടുണ്ട്. SPV ആയ KIIDC മുഖേനയാണ് നടപ്പാക്കുന്നത്. തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ മറ്റു തോടുകളുടെ നവീകരണത്തിന് വിശദമായ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ